# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 737 — 11.03.2015-ൽ മറുപടിക്ക്

**സ്വകാര്യ പരിശോധനാ ലാബുകളുടെ രജിസ്ട്രേഷനും ഗുണനിലവാര പരിശോധനയും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള :<br>,, കെ. എൻ. എ. ഖാദർ :<br>,, എൻ. ഷംസുദ്ദീൻ :<br>,, സി. മമ്മൂട്ടി : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ പരിശോധനാ ലാബുകളുടെ രജിസ്ട്രേഷൻ, അവയുടെ ഗുണനില വാര പരിശോധന എന്നിവയ്ക്ക് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ മാക്കുമോ ; | (എ) | സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാസൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്റേ യൂണിറ്റുകൾ ഡിപ്പാർട്ട്മെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി യിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇത്തരം ലാബുകളുടെ ഗുണനിലവാര പരിശോധന അതാത് പ്രദേശത്തെ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീം നടത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തൊട്ടാകെ എത്ര സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) | ആരോഗ്യവകുപ്പിൽ കണക്ക് ലഭ്യമല്ല. |
| (സി) | സ്വകാര്യ ലാബുകൾ അമിത നിരക്ക് ഈടാക്കുന്നു, ശുചിത്വമില്ല, പരിശോധനാ ഫലം കൃത്യമല്ല തുടങ്ങിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അക്കാ ര്യത്തിൽ സ്വീകരിച്ചു വരുന്ന പരിഹാര നടപടികൾ വ്യക്തമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും, സെയ്ഫ് കേരള കാമ്പയിൻ പ്രകാ രവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകു കയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലാബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേ ഷൻ എന്നിവയ്ക്ക് വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' എന്നൊരു ബിൽ നിയമമാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ